Malappuram District Police

# 12.09.2017 പെരിന്തൽമണ്ണ

3.14 കോടിയുടെ അസാധുനോട്ടുകളുമായി മൂന്നു പേർ പെരിന്തല്മണ്ണയിൽ അറസ്റ്റിൽ. ചെന്നൈയിൽ വ്യവസായിയും തമിഴ്നാട് നീലഗിരി ചേരമ്പാടി കയ്യൂന്നി സ്വദേശിയുമായ വാരിയത്തൊടി ഷംസുദ്ദീൻ(43), അരീക്കോട് താഴത്തങ്ങാടി മൂർക്കൻ വീട്ടിൽ അബൂട്ടി(52), മകൻ ആദിൽ(21) എന്നിവരാണ് അറസ്റ്റിലായത്.

അറസ്റ്റിലായ ഷംസുദ്ദീൻ ചെന്നൈ അണ്ണാനഗറിലെ വ്യവസായിയാണ്. ഇയാൾ മുഖേനയാണ് പണം കേരളത്തിലെത്തിച്ചതെന്ന് ചോദ്യം ചെയ്യലിൽ പറഞ്ഞിട്ടുണ്ട്.

സി.ഐ. ടി.എസ്. ബിനു, എസ്.ഐ. വി.കെ. കമറുദ്ദീൻ, എന്നിവരുടെ നേതൃത്വത്തിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. നോട്ടുനിരോധനത്തിനുശേഷം പെരിന്തൽമണ്ണയിൽ മാത്രം പത്തുകോടിയിലേറെ രൂപയുടെ അസാധുനോട്ടുകൾ പിടികൂടിയിട്ടുണ്ട്.